ഉത്തരം

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ 56 പേർക്ക് ചികിത്സാ ധനസഹായം നല്കിയിട്ടുണ്ട്.

(ബി) ശ്രീ. ഗോകുൽ ദാസിന് 23-3-99 ലെ സർക്കാർ ഉത്തരവ് (ആർ‌ടി) നം. 156/99/സി. എ. ഡി. പ്രകാരം അനുവദിച്ച തുക മാർച്ച് 1999-ന് മുമ്പ് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ ലാപ്സായി പോയതായി കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രീ. ഗോകുൽ ദാസിന് ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മാനവീയം പരിപാടി

32 (2907) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് പരിപാടി അവതരിപ്പിച്ച പണ്ഡിറ്റ് രവിശങ്കറിന് നൽകിയ എട്ടുലക്ഷം രൂപയിൽ അദ്ദേഹത്തിന്റെ യാത്രക്കൂലിയും താമസവും ഉൾപ്പെടെയുള്ള ചെലവുകൾ ഉൾപ്പെടുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ചെലവുകൾ, ഹാൾവാടക, മറ്റു ചെലവുകൾ ഉൾപ്പെടെ ആ പരിപാടിക്ക് മൊത്തം വേണ്ടിവന്ന ചെലവെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) മാനവീയം പരിപാടികളിൽ സംസ്ഥാനത്തെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് അവസരങ്ങൾ നൽകുന്നതിനും ഉദ്ദേശമുണ്ടോ ;

(ഡി) മാനവീയം മിഷൻ നടത്തിയ പരിപാടികളിൽ പ്രോഗ്രാം അവതരിപ്പിച്ച കേരളത്തിലെ ഏതെല്ലാം കലാകാരന്മാർക്ക് ഇതുവരെ എന്തു തുക വീതം നൽകുകയുണ്ടായി ;

(ഇ) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഹാൾ വാടകയായി 10,500 രൂപയും പണ്ഡിറ്റ് രവിശങ്കറിനും അദ്ദേഹത്തിന്റെ കൂടെ വന്ന കലാകാരന്മാർക്കും കൂടി വിമാന യാത്രക്കൂലിയിനത്തിൽ 2,62,722 രൂപയും ഉൾപ്പെടെ 10,73,222 രൂപ ചെലവായി. ഇതിൽ പണ്ഡിറ്റ് രവിശങ്കർ, അദ്ദേഹത്തിന്റെ ഭാര്യ, പുത്രി എന്നിവർ സംസ്ഥാന അതിഥികളായിരുന്നതിനാൽ അവരുടെ താമസചെലവ് ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി & ഇ) മാനവീയം പരിപാടികളിൽ പങ്കെടുത്ത കേരളീയരായ കലാകാരന്മാരുടെ പേരും അവർക്ക് നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു.†

സി-ഡിറ്റ് ഒപ്പുവച്ച കരാറുകൾ

33 (2908) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് എന്ന സ്ഥാപനം അതിന്റെ ഏതെങ്കിലും പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് എപ്പോഴെങ്കിലും വിദേശ കമ്പനികളുമായോ, ഏജൻസികളുമായോ വിദേശ സർക്കാരുകളുമായോ ധാരണാ പത്രമോ കരാറോ ഒപ്പുവെച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത നടപടി സർക്കാർ അനുമതിയോടെ ആയിരുന്നോ ;

(ഡി) ഒപ്പുവച്ച ധാരണാപത്രത്തിന്റെയോ കരാറിന്റെയോ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ സി-ഡിറ്റ് മൈക്രോ സോഫ്റ്റ് കോർപ്പറേഷൻ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കമ്പനിയുമായി കമ്പ്യൂട്ടർ മേഖലയിലെ പരിശീലനത്തിനുവേണ്ടിയുള്ള ഒരു ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്. ഇതിൽ സാമ്പത്തിക ബാധ്യത ഉൾപ്പെട്ടിട്ടില്ല.

(സി & ഡി) ധാരണാ പത്രത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. †

വർക്കലയിൽ സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി

34 (2909) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപനാശം, ശിവഗിരി എന്നീ തീർത്ഥാടന സ്ഥലങ്ങൾ സ്ഥിതിചെയ്യുന്ന വർക്കല ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടി ആണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർക്കല ഒരു സാംസ്കാരിക കേന്ദ്രമായി മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) വർക്കലയുടെയും ശിവഗിരിയുടെയും പ്രാധാന്യം കണക്കിലെടുത്ത് ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

† അനുബന്ധം III, IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[23-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 32 (2907) ന്റെ 'ഡി' & 'ഇ' ഉത്തരം ദയവായി കാണുക]

പേര്	തുക
കലാമണ്ഡലം ഗോപി	1,000
മട്ടന്നൂർ ശങ്കരൻകുട്ടി	6,000
പല്ലാവൂർ അപ്പുമാരാർ	1,000
മാർഗ്ഗി കൃഷ്ണദാസ്	3,000
പാലക്കാട് കെ. വി. നാരായണ സ്വാമി	25,000
ഡോ. ഓമനക്കുട്ടി	15,000
രമേഷ് നാരായണൻ	40,000
പല്ലാവൂർ കുഞ്ഞിക്കുട്ടൻമാരാർ	5,000
പല്ലവി കൃഷ്ണൻ	15,000
താരാകല്യാൺ	20,000
ട്രിവാൻഡ്രം കൃഷ്ണകുമാർ	15,000
റിഗാറ്റാ ഗിരിജ	20,000
സുകുമാരി നരേന്ദ്രമേനോൻ	4,000
മൈഥിലി	20,000
സി. എസ് .സജീവ്	8,000
വർക്കല സി. എസ്. ജയറാം	8,000
വിനയചന്ദ്രൻ	30,000
മണ്ണൂർ രാജകുമാരനുണ്ണി	8,000
പ്രിൻസ് അശ്വതി തിരുനാൾ രാമവർമ്മ	15,000
പി. പി. രാമകൃഷ്ണൻ	8,000
ദിലീപ് കുമാർ	8,000
മധു കൊട്ടാരത്തിൽ	15,000
മാർഗ്ഗി കഥകളി സംഘം	5,000
നീനാപ്രസാദ്	20,000
സുഷമാ ഉണ്ണികൃഷ്ണൻ	2,000
ടി. കെ. സന്തോഷ്	500
തൃപ്പുണിത്തുറ രാധാകൃഷ്ണൻ	2,500
രാജശ്രീ വാര്യർ	20,000
ശരത്	12,000

LIBRARY ARCHIVES Kerala Legislative Assembly